**കേരള എക്സൈസ് വകുപ്പ്**
**'മാതൃഭാഷ-മലയാളം'**

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 21/01/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

**സർക്കുലർ നം-EXC2/2020/EXCISE**

വിഷയം: സാമൂഹ്യ മാധ്യമങ്ങളിൽ (Social Media) എക്സൈസ് ഉദ്യോഗസ്ഥർ വ്യക്തിപരമായി ഇടപെടുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1. 31.01.2017 ലെ 78/ഉ.പ.സി.2/2017/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.
2. 23.04.2016 ലെ ഈ ഓഫീസിലെ XE5-1916/16 നമ്പർ സർക്കുലർ.

വനിതാ എക്സൈസ് ജീവനക്കാർ ഉൾപ്പെടെ എക്സൈസ് ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള വിവിധ പേരുകളിലുള്ള വാട്സാപ്പ് ഗ്രൂപ്പുകളിൽ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായതും അനുചിതവും അനാവശ്യവുമായ മെസ്സേജുകൾ പോസ്റ്റ് ചെയ്യുന്നതായും പ്രചരിപ്പിക്കുന്നതായും ആയത് അച്ചടക്ക നടപടി കളിലേയ്ക്കും എത്തുന്നതായും തൽഫലമായി ഡിപ്പാർട്ട്മെന്റിന്റെ അന്തസ്സിന് കോട്ടം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60 (എ) ലംഘിച്ചുകൊണ്ട് സർക്കാർ ജീവനക്കാർ സാമൂഹ്യ മാധ്യമങ്ങളിലൂടെയും ദൃശ്യ -ശ്രാവ്യ മാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ അഭിപ്രായപ്രകടനം നടത്തുന്നതായി ശ്രദ്ധയിൽപ്പെ ടുകയോ പരാതി ലഭിക്കുകയോ ചെയ്യുന്ന പക്ഷം മേലധികാരി ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതാണെന്ന് പരാമർശം(1) പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ സാമൂഹ്യ മാധ്യമങ്ങളിൽ (Social Media) എക്സൈസ് സേനാംഗങ്ങൾ വ്യക്തിപരമായി ഇടപെടുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദേശങ്ങൾ സൂചന(2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ജനപ്രതിനിധികളെയോ, ഭരണഘടനാ പദവിയിലിരി ക്കുന്നവരെയോ, സർക്കാർ നയത്തെയോ, സർക്കാർ നയപരിപാടികളെയോ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യമാധ്യമങ്ങളിലൂടെ

(Facebook, Whats App, Instagram etc.,) വിമർശിച്ച കൊണ്ട് മെസ്സേജുകൾ ( Text, Audio, Video ) പോസ്റ്റ് ചെയ്യുകയോ, പ്രചരിപ്പിക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ വകുപ്പിന്റെയോ , വകുപ്പിലെ ജീവനക്കാരുടെയോ അന്തസ്സിനെ ഹനിക്കുന്നതോ , അവഹേളിക്കുന്നതോ ആയ മെസ്സേജുകൾ സാമൂഹ്യമാധ്യമങ്ങളിലൂടെ അയക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുതെന്ന് കർശനനിർദേശം നല്കുന്നു.

മേൽ നിർദ്ദേശങ്ങൾക്കും സൂചന പരിപത്രങ്ങളിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന്മേൽ ആവശ്യമായ നിയമനടപടികൾക്ക് പുറമേ വകുപ്പ്തല അച്ചടക്ക നടപടികളും സ്വീകരിക്കുന്നതാണ്. എക്സൈസ് ഉദ്യോഗസ്ഥരുടെ സാമൂഹ്യ മാധ്യമങ്ങളിലെ ഏതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധ നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ അതാത് ജോയിന്റ് എക്സൈസ് കമ്മീഷണർ/ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

S. AANANTHAKRISHNAN IPS

Signature valid
Digitally signed by AANANTHAKRISHNAN S
Date: 2020.01.21 13:27
Reason: Approved

**എക്സൈസ് കമ്മീഷണർ**

പകർപ്പ്

1)അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം,എൻഫോഴ്സ്മെൻറ്).
2)വിജിലൻസ് ഓഫീസർ, എക്സൈസ്
3)ജോയിൻറ് എക്സൈസ് കമ്മീഷണർ(എല്ലാം).
4) പ്രിൻസിപ്പാൾ SEARC തൃശ്ശൂർ.
5) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ(എല്ലാം).
6)ലോ ഓഫീസർ/ഫിനാൻസ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
7) എക്സൈസ് കമ്മീഷണറുടെയും/ അഡീഷണൽ എക്സൈസ് കമ്മീഷണറുടെയും സി.എ.
8) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
9) സർക്കുലർ ഫയൽ/ഉത്തരവ് ഫയൽ.

"ഭരണഭാഷ-മാതൃഭാഷ"

XE5-1916/16

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി: 23-04-2016
ഫോൺ. :0471 2322825
excomoffice@yahoo.com
ecoffice.exc@kerala.gov

## സർക്കുലർ

വിഷയം: സാമൂഹ്യമാധ്യമങ്ങളിൽ (Social Media) എക്സൈസ് സേനാംഗങ്ങൾ വ്യക്തിപരമായി ഇടപെടുമ്പോൾ പാലിക്കേണ്ട കാര്യങ്ങൾ - മാർഗ്ഗനിർദ്ദേശങ്ങൾ - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

വിവര സാങ്കേതിക വിദ്യ വളരെയേറെ പുരോഗമിച്ച ഇക്കാലത്ത് എക്സൈസ് സംവിധാനത്തിന് അതിൽ നിന്നും വേറിട്ട ഒരു നിലനിൽപ്പ് അസാധ്യമാണ്. സംസ്ഥാന എക്സൈസ് വകുപ്പ് ഔദ്യോഗികമായി തന്നെ സാമൂഹീക മാധ്യമങ്ങളിലൂടെ (Facebook) പൊതുജനങ്ങളുമായി കാര്യക്ഷമമായി ഇടപെടുന്നുണ്ട്. എന്നാൽ വകുപ്പിലെ ജീവനക്കാർ തങ്ങളുടെ വ്യക്തിപരമായ അക്കൗണ്ടുകൾ ഉപയോഗിച്ച് സാമൂഹ്യമാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിവരങ്ങൾ മാധ്യമങ്ങളും പൊതുജനങ്ങളും വകുപ്പിന്റെ ഔദ്യോഗിക വിശദീകരണങ്ങളായി വ്യാഖ്യാനിക്കുവാനിടയുള്ളതിനാലും സാമൂഹ്യമാധ്യമങ്ങൾ ചില ജീവനക്കാരെങ്കിലും ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽ പെട്ടതിനാലും എക്സൈസ് വകുപ്പുദ്യോഗസ്ഥർ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

(1) ഔദ്യോഗിക വേഷം ധരിച്ച ഫോട്ടോകൾ എക്സൈസ് ഉദ്യോഗസ്ഥർ അവരുടെ വ്യക്തിപരമായ അക്കൗണ്ടുകളുടെ പ്രൊഫൈലുകളിൽ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(2) ഔദ്യോഗിക ഇ-മെയിൽ ഐഡി, മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് വ്യക്തിപരമായ അക്കൗണ്ടുകൾ തുടങ്ങുവാൻ പാടുള്ളതല്ല.

(3) ഓഫീസിന്റെ പേരിലോ ഡിവിഷന്റെ പേരിലോ ഔദ്യോഗിക ഗ്രൂപ്പുകളോ, പ്രൊഫൈലുകളോ, പേജുകളോ എക്സൈസ് കമ്മീഷണറുടെ രേഖാമൂലമുള്ള അനുവാദമില്ലാതെ തുടങ്ങുവാൻ പാടുള്ളതല്ല.

(4) സാമൂഹ്യ മാധ്യമങ്ങളുടെ വ്യക്തിപരമായ ഉപയോഗങ്ങൾക്കായി ഔദ്യോഗിക കമ്പ്യൂട്ടറുകളോ, നെറ്റ് വർക്കുകളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല.

(5) ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ ഉദ്യോഗസ്ഥർ സാമൂഹ്യമാധ്യമങ്ങളിൽ വ്യാപരിക്കരുത്.

(6) കേസന്വേഷണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ, അതിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികളുടെ സ്വകാര്യവിവരങ്ങൾ അന്വേഷണ സംബന്ധമായ ഔദ്യോഗിക യാത്രകളുടെ വിവരങ്ങൾ, ഫോട്ടോകൾ എന്നിവ ഒരു കാരണവശാലും സ്വകാര്യ അക്കൗണ്ടുകളിൽ പ്രസിദ്ധപ്പെടുത്തരുത്.

(7) കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയങ്ങളെക്കുറിച്ചുള്ള വിമർശനങ്ങളോ, ചർച്ചകളോ, കമന്റുകളോ സ്വകാര്യ അക്കൗണ്ടുകളിൽ പ്രസിദ്ധപ്പെടുത്തുവാൻ പാടുള്ളതല്ല.

(8) സ്ത്രീകളേയോ, ഉദ്യോഗസ്ഥരേയോ മറ്റു വ്യക്തികളെയോ, ഏതെങ്കിലും മത സാമുദായിക വിഭാഗങ്ങളെയോ അപമാനിക്കുന്ന തരത്തിലുള്ള പോസ്റ്റുകൾ പ്രസിദ്ധീകരിക്കുവാനോ, അത്തരത്തിൽ പ്രസിദ്ധീകരിച്ച മറ്റാരുടേയെങ്കിലും പോസ്റ്റുകൾ അയച്ചുകൊടുക്കുവാനോ, ഷെയർ ചെയ്യുവാനോ, കമന്റുചെയ്യുവാനോ, ലൈക്ക് ചെയ്യുവാനോ പാടുള്ളതല്ല.

(9) രാഷ്ട്രീയ ചായ്‌വുള്ള പോസ്റ്റുകൾ പ്രസിദ്ധീകരിക്കുവാനോ, അയച്ചുകൊടുക്കുവാനോ, ഷെയർ ചെയ്യുവാനോ, കമന്റുചെയ്യുവാനോ, ലൈക്ക് ചെയ്യുവാനോ പാടുള്ളതല്ല.

വ്യാജ പ്രൊഫൈലുകളുപയോഗിച്ച് നിയമവിരുദ്ധമായ കാര്യങ്ങൾ സാമൂഹ്യ മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തുന്നതായി പരാതി ലഭിച്ചാൽ കർശന വകുപ്പുതല അച്ചടക്ക നടപടികളും, നിയമനടപടികളും സ്വീകരിക്കുന്നതാണ്.

സാമൂഹ്യമാധ്യമങ്ങളിലെ ഗ്രൂപ്പുകളിൽ നിയമവിരുദ്ധമായ പോസ്റ്റുകൾ പ്രസിദ്ധീകരിച്ചാൽ ആ ഗ്രൂപ്പുകളുടെ അഡ്മിനിസ്ട്രേറ്റർമാർ നിയമനടപടികൾക്ക് വിധേയരാകേണ്ടിവരും. ആയതിനാൽ സാമൂഹ്യമാധ്യമങ്ങളിലെ ഗ്രൂപ്പുകളുടെ അഡ്മിനിസ്ട്രേറ്റർ സ്ഥാനം വഹിക്കുന്ന എക്സൈസ് ഉദ്യോഗസ്ഥർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

സാമൂഹ്യമാധ്യമങ്ങളുടെയും ഇന്റർനെറ്റിന്റേയും ദുർവിനിയോഗങ്ങൾ വിവരസാങ്കേതിക നിയമം, ഇൻഡ്യൻ ശിക്ഷാനിയമം, കേരള പോലീസ് ആക്റ്റ്, Indecent Representation of Women (Prohibition) Act-1986 എന്നീ നിയമങ്ങളിലെ വിവിധ വകുപ്പുകൾ പ്രകാരം ശിക്ഷാർഹമാണ്. ഓരോ കേസിന്റെയും വസ്തുതകൾ കണക്കിലെടുത്ത് മേൽപ്പറഞ്ഞ നിയമവ്യവസ്ഥകൾ ബാധകമാക്കാവുന്നതുമാണ്.

സാമൂഹ്യമാധ്യമങ്ങളിലും ഇന്റർനെറ്റിലും വ്യക്തിപരമായ അക്കൗണ്ടിൽ ഔദ്യോഗിക മേൽ വിലാസം, ഔദ്യോഗിക വേഷം തുടങ്ങിയവ ഉപയോഗിച്ചു ചെയ്യുന്ന നിയമവിരുദ്ധമായ യാതൊരു കാര്യങ്ങൾക്കും ഔദ്യോഗിക പരിരക്ഷ ഉണ്ടായിരിക്കുകയില്ലായെന്ന് ഇതിനാൽ വ്യക്തമാക്കുന്നു.

മേൽ പറഞ്ഞ നിർദേശങ്ങൾക്കു വിരുദ്ധമായ കാര്യങ്ങൾ ശ്രദ്ധയിൽ പെട്ടാൽ അതിന്മേൽ ആവശ്യമായ നിയമനടപടികൾക്കു പുറമേ, വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കുന്നതാണ്. എക്സൈസ് ഉദ്യോഗസ്ഥരുടെ സാമൂഹ്യമാധ്യമങ്ങളിലെ ഏതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധ നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ അതാത് ജോയിന്റ് എക്സൈസ് കമ്മീഷണർമാർ / ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അടിയന്തിരമായി നടപടി സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-
അനിൽ. എക്സ്. ഐ എ എസ്.
എക്സൈസ് കമ്മീഷണർ

പകർപ്പ്:

1) അഡീഷണൽ എക്സൈസ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)
2) വിജിലൻസ് ഓഫീസർ (എക്സൈസ്)
3) ജോയിന്റ് എക്സൈസ് കമ്മീഷണർ (എല്ലാം)
4) പ്രിൻസിപ്പാൾ, എക്സൈസ് അക്കാദമി, തൃശൂർ
5) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ (എല്ലാം)
6) എക്സൈസ് കമ്മീഷണറുടെയും, അഡീഷണൽ എക്സൈസ് കമ്മീഷണർമാരുടെയും സി. എ.മാർ.
7) സർക്കുലർ ഫയൽ / ഉത്തരവ് ഫയൽ/വെബ് സൈറ്റ്

** എല്ലാ മേലുദ്യോഗസ്ഥരും അവരവരുടെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥർക്കും സർക്കുലർ ലഭിച്ചതായി ഉറപ്പുവരുത്തേണ്ടതും എല്ലാ ഓഫീസുകളിലേയും നോട്ടീസ് ബോർഡിൽ സർക്കുലറിന്റെ പകർപ്പ് പതിച്ചതായി ഉറപ്പുവരുത്തേണ്ടതുമാണ്.

അംഗീകാരത്തോടെ,

സൂപ്രണ്ട്

കേരള സർക്കാർ

<u>ഉദ്യോഗസ്ഥ ഭരണ പരിഷ്കാര ഉപദേശ (സി) വകുപ്പ്</u>

സർക്കുലർ

നമ്പർ 78/ഉപ.സി.2/2017/ഉഭപവ. *തിരുവനന്തപുരം, 2017 ജനുവരി 31.*

<u>വിഷയം</u>:—ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങൾ—സർക്കാർ ഉദ്യോഗസ്ഥർ മാധ്യമങ്ങളിലൂടെ അഭിപ്രായപ്രകടനം നടത്തുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

<u>സൂചന</u>:— 1. 5-10-1983-ലെ 56998/SS1/83/GAD നമ്പർ സർക്കുലർ.

2. 19-10-2012-ലെ 19469/ഉപ-സി2/2012/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.

1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60(എ) പ്രകാരം സർക്കാർ ജീവനക്കാർ ഏതെങ്കിലും സംഭാഷണത്തിലൂടെയോ, എഴുത്തിലൂടെയോ മറ്റുരീതിയിലോ, സർക്കാർ അനുവർത്തിക്കുന്ന നയത്തെയോ സർക്കാർ എടുക്കുന്ന നടപടികളെയോ, പൊതുജനമദ്ധ്യത്തിലോ, അസോസിയേഷനിലോ, സംഘത്തിലോ ചർച്ച ചെയ്യുവാനോ വിമർശിക്കുവാനോ പാടില്ലാത്തതും അങ്ങനെയുള്ള ചർച്ചയിലോ വിമർശനത്തിലോ യാതൊരു രീതിയിലും പങ്കെടുക്കുവാനോ പാടില്ലാത്തതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങാതെ സർക്കാരിന്റെ നയപരമായ കാര്യങ്ങളെപ്പറ്റി സർക്കാർ ജീവനക്കാർ മാധ്യമങ്ങളിലൂടെ അഭിപ്രായ പ്രകടനം നടത്തുവാൻ പാടില്ലെന്ന് നിഷ്കർഷിച്ചു കൊണ്ട് സൂചന (2) പ്രകാരം സർക്കുലറും പുറപ്പെടുവിച്ചിരുന്നു.

എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ കർശനമായി പാലിക്കാതെ സർക്കാർ ജീവനക്കാർ സാമൂഹ്യമാധ്യമങ്ങളിലൂടെയും, ദൃശ്യ-ശ്രവ്യമാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് അഭിപ്രായപ്രകടനം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽസാഹചര്യത്തിൽ,



Scanned by CamScanner

1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60(എ) ലംഘിച്ചുകൊണ്ട് സർക്കാർ ജീവനക്കാർ സാമൂഹ്യ മാധ്യമങ്ങളിലൂടെയും, ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ അഭിപ്രായ പ്രകടനം നടത്തുന്നതായി ശ്രദ്ധയിൽപ്പെടുകയോ, പരാതി ലഭിക്കുകയോ ചെയ്യുന്ന പക്ഷം മേലധികാരി ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതാണ്.

ഇത്തരത്തിൽ ചട്ടലംഘനം നടത്തുന്ന ജീവനക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാതിരിക്കുന്നത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നതാണ്.

സത്യജീത്ത് രാജൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

പകർപ്പ്:—

എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും.

നിയമം, ധനകാര്യം ഉൾപ്പെടെയുള്ള സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്തുസഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തുസഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തുസഹിതം).

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തുസഹിതം).

മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ഡയറക്ടർ, ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് (വെബ് ആന്റ് ന്യൂമീഡിയ) വകുപ്പ് (പത്രമാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചരണത്തിനും സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനും).

ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് (870236/ബി3/2016/ആ.കു.വ ഫയൽ പ്രകാരം).

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

Scanned by CamScanner